(ബി) ക്ഷേമനിധി ബോർഡുകൾ ക്ഷേമനിധിയിൽ നിന്ന് അംഗങ്ങൾക്ക് നൽകേണ്ട പെൻഷൻ ഒഴികെയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾക്ക് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ക്ഷേമനിധി ബോർഡും കുടിശ്ശിക വരുത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ;

(സി) തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾക്കു ചെലവഴിച്ച തുകയെക്കാൾ കൂടുതൽ തുക ഭരണകാര്യങ്ങൾക്കായി ചെലവഴിച്ച ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ക്ഷേമ ആനുകൂല്യങ്ങൾ പൂർണ്ണ തോതിൽ വിതരണം ആരംഭിച്ചിട്ടില്ലാത്ത കേരള ബീഡി-സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ 2000-01, 2003-04 വർഷങ്ങളിലും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലും ക്ഷേമനിധികാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചതിനേക്കാൾ കൂടുതൽ തുക ഭരണപരമായ കാര്യങ്ങൾക്ക് വിനിയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഭരണപരമായി ചെലവുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള മറ്റ് ക്ഷേമനിധി ബോർഡുകളൊന്നുംതന്നെ അംഗങ്ങൾക്കു നൽകേണ്ട പെൻഷൻ ഒഴികെയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾക്ക് കുടിശ്ശിക വരുത്തിയിട്ടില്ല. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31-3-2004 വരെ അംഗങ്ങളിൽ നിന്ന് ലഭിച്ച 1,38,383 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 60 കോടി രൂപ ആവശ്യമാണ്.

(സി) കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

126 [1352] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും ഓരോ ക്ഷേമനിധി ബോർഡും തൊഴിലാളികളുടെ ആനുകൂല്യങ്ങളും പെൻഷനും നൽകാൻ എന്ത് തുക ചെലവഴിച്ചു എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും ഓരോ ബോർഡിലും ടി. എ., ശമ്പളം, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, ബോർഡ് അംഗങ്ങളുടെ ചെലവുകൾ എന്നിങ്ങനെ ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ വർഷവും ഓരോ ക്ഷേമനിധി ബോർഡും തൊഴിലാളികളുടെ ആനുകൂല്യങ്ങളും പെൻഷനും നൽകാൻ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ † ചേർത്തിരിക്കുന്നു. ആനുകൂല്യങ്ങളുടെയും പെൻഷന്റേയും തരംതിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) ഓരോ വർഷവും ഓരോ ബോർഡും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. † ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

റോഡപകടങ്ങൾ തടയുന്നതിനും ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനും നിയമ നിർമ്മാണം

127 [1359] ശ്രീ. കെ. പി. രാജേന്ദ്രൻ:

„ ബിനോയ് വിശ്വം:

„ പി. എസ്. സുപാൽ:

„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത വേഗതയും കാലപ്പഴക്കം വന്ന വാഹനങ്ങളുമാണ് റോഡപകടങ്ങൾക്ക് കാരണം എന്നു തെളിഞ്ഞിട്ടുള്ള സാഹചര്യത്തിൽ അമിത വേഗത തടയുന്നതിന് സർക്കാരിന് കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നതും, കൃത്യതയോടെയുള്ള പരിശോധന നടത്താത്തതുമാണ് അപകടകാരണങ്ങളെന്നതിനാൽ നിയമം കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly